# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3537 11/12/2018-ൽ മറുപടിയ്ക്ക്

## ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | തിരുവനന്തപുരത്തെ ശാന്തികവാടം പോലെ സംസ്കാര ചടങ്ങുകൾ നടത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് പുറമെ 241 ആധുനിക ശ്മശാനങ്ങൾ കൂടി നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ) | കിഫ്ബി വഴി 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് 123 കോടി രൂപയ്ക്ക് ജി.ഒ (ആർ.ടി) 3711/2017/ത.സ്വ.ഭ.വ തീയതി 18.11.2017 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 11.43 കോടി രൂപയുടെ പ്രോജക്ടുകൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന സമർപ്പിച്ചിട്ടുണ്ട്. |
| ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ എത്ര ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; അവ എവിടെയെല്ലാമെന്ന് വിവരിക്കാമോ? | ബി) | ഇതു സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ